# ചതുപ്പില് വളരുന്ന കുരുമുളക് വള്ളി വികസിപ്പിച്ച് കര്‍ഷകന്റെ പരീക്ഷണം

Published on Sat, 01/22/2011 - 09:15 ( 1 year 38 weeks ago)

മൂപ്പൈനാട്: ചതുപ്പില് വളരുന്ന കൊളബ്രേനിയം വള്ളിച്ചെടിയില് കുരുമുളക് വള്ളി ഗ്രാഫ്റ്റ് ചെയ്ത് പുതിയ ഇനം കുരുമളക് ചെടി സൃഷ്ടിച്ച് വിജയം വരിച്ചിരിക്കുകയാണ് തിനപുരം പുന്നമറ്റത്തില് മത്തായിയെന്ന കര്‍ഷകന്‍. പെരുവണ്ണാമുഴിയിലെ ഫാമില്‍നിന്നാണ് ഇദ്ദേഹം കൊളബ്രേനിയം വള്ളിച്ചെടികള് സംഘടിപ്പിച്ചത്. മുളകുവള്ളി ഇതില് ഗ്രാഫ്റ്റ് ചെയ്ത് പ്ലാസ്റ്റിക് കവറില് പൊതിഞ്ഞ് ഒരു മാസത്തെ പരിചരണം നല്‍കിയാല് പുതിയ ഇനം കുരുമുളക് ചെടിയാകും. മൂന്നു വര്‍ഷം കൊണ്ട് കായ്ക്കും. ഭേദപ്പെട്ട വിളവ് ലഭിക്കുകയും ചെയ്യും. ഏതിനം മുളക് വള്ളിയും ഇങ്ങനെ ഗ്രാഫ്റ്റ് ചെയ്യാമെന്ന് മത്തായി പറഞ്ഞു. സാധാരണ മുളകു ചെടികള്‍ക്കുണ്ടാകുന്ന രോഗങ്ങളൊന്നും ഇതിനെ ബാധിക്കുന്നില്ല. എട്ടുവര്‍ഷം പഴക്കമുള്ള തന്‌റെ തോട്ടത്തില് നിറയെ കായ്ച്ചു നില്‍ക്കുന്ന കുരുമുളക് വള്ളി ഇതിന്‌റെ തെളിവായി ഇദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ചതുപ്പില് മാത്രമേ കൃഷി വിജയിക്കൂ.

1977ല് ഇവിടെയെത്തിയ മത്തായി നാല് ഏക്കര് കൃഷി ഭൂമിയില് കാപ്പി, ഏലം, കുരുമുളക് തുടങ്ങി എല്ലാ ഇനം നാണ്യവിളകളും കൃഷി ചെയ്യുന്നുണ്ട്. മണ്ണിന്‌റെ ജൈവഘടനക്കനുസരിച്ച് പുതിയ പരീക്ഷണങ്ങള് കാര്‍ഷിക രംഗത്ത് അനിവാര്യമാണെന്നാണ് ഈ കര്‍ഷകന്‌റെ പക്ഷം.

സ്രോതസ്സ്: മാധ്യമം ദിനപത്രം